"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടക്കൽ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.38/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.04.2014 തീയതിയിലെ ഇ10(എസ്.സി.71/2013/എം‌പിഎം) 33982/2013 നമ്പർ കത്ത്

2 22.10.2018തീയതിയിലെ 63399/ഇയു2/2014-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 20.08.2019 തീയതിയിലെ വി2- 23378/2018 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് 09.09.2013- ന് 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് ' എന്ന പേരിൽ കോട്ടക്കൽ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ . അബ്ദുൾനാസർ വലിയാട്ടിൽ , ശ്രീ . ഇ പ്രദീപൻ, ശ്രീമതി.സിന്ധു പി., ശ്രീ ജുബികൃഷ്ണൻ ടി., ശ്രീ.ഉണ്ണികൃഷ്ണൻ എം.പി, ക്ലാർക്കുമാരായ ശ്രീ. രതീഷ് സി, ശ്രീമതി പ്രിയ വി.ടി, ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അനിത തുമ്പേതൊടിക, റവന്യൂ ഓഫീസർ ശ്രീ.എ. എസ് ദാസൻ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.ആർ.ഗിരീഷ് കുമാർ എന്നീ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കോട്ടക്കൽ നഗരസഭയിൽ 09.09.2013- ന് നടന്ന മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ . അബ്ദുൾനാസർ വലിയാട്ടിൽ ശ്രീ.ഇ. പ്രദീപൻ, ശ്രീമതി.സിന്ധു പി., ശ്രീ ജുബികൃഷ്ണൻ ടി., ശ്രീ.ഉണ്ണികൃഷ്ണൻ എം.പി, ക്ലാർക്കുമാരായ ശ്രീ. രതീഷ് സി, ശ്രീമതി പ്രിയ വി.ടി, ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അനിത തുമ്പേതൊടിക, എന്നിവർ ഓഫീസിലെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തി യിട്ടില്ലായിരുന്നുവെന്ന് കണ്ടെത്തിയിരുന്നതിനെത്തുടർന്നാണ് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. സീനിയർ ക്ലാർക്കായിരുന്ന ശ്രീ.അബ്ദുൾനാസർ വലിയാട്ടിൽ ടിയാന്റെ സെക്ഷനിലെ ജോലി ഭാരം വിശദീകരിച്ച് കൊണ്ടും മേൽ തീയതിയിൽ കൈവശം പണം

ഇല്ലാതിരുന്നതുകൊണ്ടാണ് രജിസ്റ്ററിൽ അന്ന് രേഖപ്പെടുത്തൽ വരുത്താതിരുന്നത് എന്ന് ടിയാൻ മറുപടി നൽകിയിരുന്നു. വിജിലൻസ് പരിശോധന വേളയിൽ ശ്രീ. അബ്ദുൾ നാസർ വലിയാട്ടിലിന്റെ കൈവശം 1460/- രൂപ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതായും പക്ഷേ ടിയാന്റെ മറുപടി പരിശോധിച്ചതിൽ ടിയാന്റെ കൈവശം 09.09.2013 തീയതിയിൽ പണമില്ലാത്തത് കൊണ്ടാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ശ്രീ. അബ്ദുൾ നാസർ വലിയാട്ടിലിന്റെ മറുപടി തൃപ്തികരമല്ലായെന്നും മിന്നൽ പരിശോധന നടന്ന തീയതിക്ക് മുമ്പും ശേഷവും മിക്ക തീയതികളിലും കൈവശമുള്ള പണത്തിന്റെ വിവരം ഓഫീസിലെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ടിയാൻ രേഖപ്പെടുത്തിയിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

3. സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ഇ. പ്രദീപൻ, തന്റെ ജോലി തിരക്കും സ്റ്റാഫിന്റെ കുറവും കാരണം രജിസ്റ്ററിൽ പലപ്പോഴും എഴുതാൻ സാധിച്ചിരുന്നില്ലായെന്നും ഇത് ഗുരുതരമായ വീഴ്ചയാണെന്ന് തനിക്ക് അറിവുണ്ടായിരുന്നില്ലെന്നും ടി പരിശോധനയ്ക്ക് ശേഷം അതാത് ദിവസങ്ങളിൽ ക്യാഷ് കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ടെന്നും മേൽ വീഴ്ചമാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു. നഗരസഭയിലെ ബന്ധപ്പെട്ട ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ ചില ദിവസങ്ങളിൽ ക്യാഷ് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹാജരുള്ള എല്ലാ ദിവസവും രേഖപ്പെടുത്തി കാണുന്നില്ലയെന്നതിൽ അപാകതയുണ്ടെന്നും ആയതിനാൽ ടിയാന്റെ മറുപടി തൃപ്തികരമല്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

4. സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി പി. സിന്ധു, പരിശോധന നടന്ന ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക എഴുതാൻ വിട്ടുപോയിട്ടുള്ളതാണെന്നും നിലവിൽ ക്യാഷ് രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നുണ്ടെന്നും മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്തില്ലെന്നും, ഇത്തവണത്തേക്ക് ടി കുറ്റം മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

5. സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ജൂബികൃഷ്ണൻ.ടി., പ്രസ്തുത ദിവസം രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് മാപ്പാക്കണമെന്നും മറുപടിയിൽ അപേക്ഷിച്ചിരുന്നു .ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 09.09.2013- ന് ശേഷം മിക്ക ദിവസങ്ങളിലും കൈവശമുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നതിനാൽ ടിയാന്റെ മറുപടി സാമാന്യമായി അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു .

6. സീനിയർ ക്ലാർക്കായിരുന്ന ശ്രീ . ഉണ്ണികൃഷ്ണൻ എം . കെ. കൈവശമുണ്ടായിരുന്ന തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും നിലവിൽ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നുണ്ടെന്നും ടിയാന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നു. പരിശോധനയ്ക്ക് ശേഷം മിക്ക ദിവസങ്ങളിലും കൈവശമുള്ള തുക രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാന്റെ മറുപടി സാമാന്യമായി അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിക്കുന്നു .

7. ക്ലാർക്കായിരുന്ന ശ്രീ രതീഷ്, പരിശോധനാ ദിവസം കൈവശമുള്ള തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് മാപ്പാക്കണമെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു . ടിയാന്റെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ ഓരോ ദിവസവും തുക രേഖപ്പെടുത്തുന്നുവെന്ന് സൂചിപ്പിച്ചത് ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ശരിയല്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ടിയാന്റെ മറുപടി തൃപ്തികരമല്ലായെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

8. ക്ലാർക്കായിരുന്ന ശ്രീമതി.വി.റ്റി.പ്രിയ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും നിലവിൽ കൃത്യമായി രേഖപ്പെടുത്തി വരാറുണ്ടെന്നും

മാപ്പാക്കണമെന്നും ടിയാരിയുടെ മറുപടിയിൽ പറഞ്ഞിരുന്നു .എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ദിവസവും കൃത്യമായി തുക രേഖപ്പെടുത്തുന്നുവെന്ന് സൂചിപ്പിച്ചത് ശരിയല്ലായെന്നും എന്നാൽ ചില ദിവസങ്ങളിൽ തുക രേഖപ്പെടുത്തി കാണുന്നുണ്ടെന്നും ആയതിനാൽ ടിയാരിയുടെ മറുപടി പൂർണ്ണമായും തൃപ്തികരമല്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

9. ഓഫീസ് അറ്റൻഡന്റ് ശ്രീമതി . അനിത തുമ്പേതൊടിക, പ്രസ്തുത ദിവസം കൈവശമുള്ള തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും നിലവിൽ രേഖപ്പെടുത്തി വരുന്നുണ്ടെന്നും മാപ്പാക്കണമെന്നും മറുപടി നൽകിയിരുന്നു . മറുപടിയിൽ സൂചിപ്പിച്ചതുപോലെ ഓരോ ദിവസവും തുക രേഖപ്പെടുത്തുന്നുവെന്ന് സൂചിപ്പിച്ചത് ശരിയല്ലായെന്നും അപൂർവ്വമായി മാത്രമേ രജിസ്റ്ററിൽ തുക രേഖപ്പെടുത്തി കാണുന്നുള്ളൂവെന്നും ആയതിനാൽ ടിയാരിയുടെ മറുപടി പൂർണ്ണായും തൃപ്തികരമല്ലായെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

10. വിജിലൻസ് മിന്നൽ പരിശോധനയിൽ റവന്യൂ ഓഫീസർ ശ്രീ.ദാസൻ എ.എസ് 09.09.2013- ൽ ടിയാൻ അനുമതിയില്ലാതെ ഓഫീസിൽ ഹാജരാകാത്തതായി കണ്ടെത്തിയിരുന്നു. ടിയാൻ യഥാസമയം ഓഫീസിൽ ഉണ്ടാകാറുള്ളതാണെന്നും പ്രസ്തുത ദിവസം മന:പൂർവ്വമല്ലാത്ത കാരണത്താൽ 11 മണിക്കാണ് എത്താൻ കഴിഞ്ഞതെന്നും, താമസിച്ചതിന്റെ കാരണം പരിശോധനാ ഉദ്യോഗസ്ഥരേയും നഗരസഭാ സെക്രട്ടറിയേയും ബോധ്യപ്പെടുത്തിയിരുന്നതാണെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു . ഓഫീസ് ജീവനക്കാരോട് അന്വേഷിച്ചതിൽ നിന്നും ശ്രീ.ദാസൻ ഓഫീസ് പ്രവൃത്തി സമയത്ത് ഹാജരുണ്ടാകാറുള്ളതാണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

11. നിലവിലെ സ്ഥിതി പരിശോധിച്ചതിൽ എല്ലാ ജീവനക്കാരുടെയും പേര് വിവരം ഉൾപ്പെടുത്തിയാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതെന്നും ഹാജർ രേഖപ്പെടുത്തുന്നതിനൊപ്പംതന്നെ ജീവനക്കാർക്ക് ആയത് ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ടെന്ന് ബോധ്യപ്പെടുകയുണ്ടായിയെന്നും നിലവിൽ ഇപ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

12. നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം ശ്രീ . ജുബികൃഷ്ണൻ , ശ്രീ . ഉണ്ണികൃഷ്ണൻ , ശ്രീമതി സിന്ധു പി ., ശ്രീ . ദാസൻ എ . എസ് എന്നീ ജീവനക്കാരുടെ മറുപടിയും ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് മേൽപ്പറഞ്ഞ നാല് ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു .കൂടാതെ ശ്രീ.അബ്ദുനാസർ വലിയാട്ടിൽ, ശ്രീ. ഇ. പ്രദീപൻ, ശ്രീമതി. അനിത തുമ്പേതൊടിക, ശ്രീ. രതീഷ്, ശ്രീമതി. പ്രിയ വി.റ്റി എന്നീ ജീവനക്കാർക്ക് കർശനമായ താക്കീത് നൽകി ക്കൊണ്ട് ടിയാളുകൾക്കെതിരായ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാ ണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു. കൂടാതെ റവന്യൂഇൻസ്പെക്ടർ
ശ്രീ. ഗിരീഷ് കുമാർ ആർ. മരണപ്പെട്ടിട്ടുള്ളതിനാൽ ടിയാന് നൽകുവാനുള്ള കുറ്റാരോപണ മെമ്മോ/പത്രിക തിരികെ അയച്ചിട്ടുള്ള വിവരവും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു .

13. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ ജീവനക്കാരുടെ മറുപടി, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിക്കുകയുണ്ടായി. ഓഫീസിലെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തിയിട്ടില്ലായെന്ന ആരോപണം ജീവനക്കാർക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. എന്നിരുന്നാലും ആയതിന് സീനിയർ ക്ലാർക്കുമാരായ ശ്രീ. ജുബികൃഷ്ണൻ, ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീമതി സിന്ധു പി., റവന്യൂ ഓഫീസർ ശ്രീ. എ.എസ് ദാസൻ എന്നിവരുടെ മറുപടി അംഗീകരിക്കാവുന്നതാ ണെന്ന് കാണുന്നു. എന്നാൽ ശ്രീ. അബ്ദുൾനാസർ

വലിയാട്ടിൽ, ശ്രീ. ഇ.പ്രദീപൻ, ക്ലാർക്കുമാരായ ശ്രീ. രതീഷ് സി, ശ്രീമതി പ്രിയ വി.ടി, ഓഫീസ് അറ്റൻഡന്റ് ശ്രീമതി.അനിത ഉമ്പേതൊടിക എന്നിവരുടെ മറുപടി പൂർണമായും അംഗീകരിക്കാനാവുന്നതല്ല.

14. മേൽ സാഹചര്യത്തിൽ വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ കോട്ടക്കൽ നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, മരണപ്പെട്ടിട്ടുള്ള ശ്രീ. ഗിരീഷ് കുമാർ ആർ.-നെതിരെയും സീനിയർ ക്ലാർക്കുമാരായ ശ്രീ. ജൂബികൃഷ്ണൻ, ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീമതി സിന്ധു പി., റവന്യൂ ഓഫീസർ ശ്രീ. എ.എസ് ദാസൻ എന്നിവർക്കെതിരായും ഉള്ള തുടർനടപടി അവസാനിപ്പിച്ചുകൊണ്ടും, സീനിയർ ക്ലാർക്കായ ശ്രീ. അബ്ദുൾ നാസർ വലിയാട്ടിൽ, ശ്രീ. ഇ.പ്രദീപൻ, ക്ലാർക്കുമാരായ ശ്രീ. രതീഷ് സി, ശ്രീമതി പ്രിയ വി.ടി, ഓഫീസ് അറ്റൻഡന്റ് ശ്രീമതി. അനിത ഉമ്പേതൊടിക എന്നിവർക്ക് "ശാസന(Censure)" നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(27.11.2019തീയതിയിലെ VIG-D1/763/2019-VIGനമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ